പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഞാൻ നേരത്തെ വാക്കൗട്ടിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ 97 പേർ ലോക്കപ്പിലും ജയിലുകളിലും വച്ച് മരണപ്പെട്ടു എന്നാണ് പറഞ്ഞിരുന്നത്. ഗവൺമെന്റ് അവസാനം തന്ന റിപ്പോർട്ട് അനുസരിച്ച് 197 എന്നാണ്. അങ്ങനെ 197-ഉം 1-ഉം കൂടി ചേർത്ത് 198 എന്ന് കറക്ട് ചെയ്ത് ബഹുമാനപ്പെട്ട സ്പീക്കർ മനസ്സിലാക്കണം.

VI. മേശപ്പുറത്തുവച്ച കടലാസ്സ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കേരള ഗവൺമെന്റിനെ സംബന്ധിക്കുന്ന റിപ്പോർട്ട് (കമേഴ്സ്യൽ) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VII. റൂൾ 58 പ്രകാരമുള്ള ചർച്ച വേണമെന്ന ആവശ്യം

സി. ആന്റ് എ. ജി. റിപ്പോർട്ടിലെ ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ച Para-യെക്കുറിച്ച്

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ മേശപ്പുറത്ത് വച്ചത് കേരള ഗവൺമെന്റിന്റെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2005 മാർച്ച് 31-ാം തീയതി അവസാനിച്ച വർഷത്തേക്കുള്ള കമേഴ്സ്യൽ റിപ്പോർട്ടാണ്. ഇതിൽ കേരള ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിക്കുന്ന ഒരു പാരാ കൂടി ഉൾക്കൊള്ളുന്നതായി കാണുന്നു. റൂൾ 58 അനുസരിച്ച് അതിനെക്കുറിച്ചുള്ള ചർച്ച വേണമെന്ന് വാക്കാൽ ആവശ്യപ്പെടുകയാണ്. നോട്ടീസ് നൽകുന്നതാണ്.

മി. സ്പീക്കർ : നോട്ടീസ് നൽകട്ടെ, നോട്ടീസ് വരുമ്പോൾ ആലോചിക്കാം.

ശ്രീ. എം. എം. ഹസ്സൻ : ഞാൻ അങ്ങേയ്ക്ക് നോട്ടീസ് തരുന്നതാണ്. ഇപ്പോൾ ഉന്നയിക്കുകയാണ്, കോപ്പി അവയിലബിളാക്കണം. ഈ സംസ്ഥാനം കണ്ടതിൽ വച്ച് ഏറ്റവും വലിയ അഴിമതി ഉൾക്കൊള്ളുന്ന കാര്യങ്ങളാണ് ആ റിപ്പോർട്ടിൽ ഉൾപ്പെടുന്നതെന്ന് ഞങ്ങൾ ഊഹിക്കുന്നു. ..... (ബഹളം) .....

ഇലക്ട്രിസിറ്റി ബോർഡിന്റെ ഭീമമായ ഒരു അഴിമതിയുടെ കഥ ചുരുളഴിയുന്ന കാര്യങ്ങളാണ് ഈ റിപ്പോർട്ടിലുള്ളതെന്ന് മനസ്സിലാക്കണം.....
..... (ബഹളം) .....

മി. സ്പീക്കർ : Please take your seat. അങ്ങ് പറയുന്നത് കേൾക്കണം. അതായത് ഇവിടെ സമർപ്പിച്ച റിപ്പോർട്ടിന്റെ കോപ്പി മെമ്പർമാരുടെ ആഗ്രഹപ്രകാരം സർക്കുലേറ്റ് ചെയ്യും. സർക്കുലേറ്റ് ചെയ്തതിനുശേഷം നിയമാനുസൃതം ലഭിക്കുന്ന നോട്ടീസ് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി യോഗം കൂടി അതിന്റെ ചർച്ചയെപ്പറ്റി അപ്പോൾ ആലോചിക്കും that's all ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly